LIBRARY ARCHIVES Kerala Legislative Assembly

നാളികേര കർഷകർക്കായി ആവിഷ്കരിച്ച പദ്ധതികൾ

93 [1170] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാളികേര കർഷകരെ സഹായിക്കാൻ സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) വിദേശ രാജ്യങ്ങളിൽ നിന്ന് നാളികേരവും അനുബന്ധ ഉൽപ്പന്നങ്ങളും തൊണ്ട്, ചകിരി എന്നിവയും ഇറക്കുമതി ചെയ്യുന്നതിനെതിരെ സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ നാളികേര കർഷകരെ സഹായിക്കാൻ സംസ്ഥാന ഗവൺമെന്റ് സംസ്ഥാനാവിഷ്കൃത പദ്ധതികൾ നാളികേര വികസന ബോർഡ് പദ്ധതികൾ, നാളികേര ടെക്നോളജി വിഷൻ പദ്ധതി, മണ്ഡരി കീടനിയന്ത്രണം എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(ബി) നാളികേരത്തിന്റേയും നാളികേര ഉൽപ്പന്നങ്ങളുടേയും ഇറക്കുമതി തോത് പരിധിക്കുള്ളിൽ ആയതുകൊണ്ട് ഇവയുടെ ഇറക്കുമതിയെ സംബന്ധിച്ച് സംസ്ഥാന സർക്കാർ യാതൊരുവിധ നിയന്ത്രണങ്ങളും ഏർപ്പെടുത്തിയിട്ടില്ല.

മണ്ഡരി നിവാരണ പദ്ധതി

94 [1171] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിവകുപ്പ് ഈ സാമ്പത്തികവർഷം മണ്ഡരി നിവാരണ പദ്ധതി നടപ്പാക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് കേരളത്തിലെ സഹകരണ സ്ഥാപനമായ റെയ്ഡ്കോ-കേരള എന്ന സ്ഥാപനത്തെ കൂടി ചുമതലപ്പെടുത്തുമോ ;

(ഡി) മുമ്പ് ഇത്തരം പ്രവർത്തനങ്ങൾക്ക് റെയ്ഡ്കോ-കേരള എന്ന സ്ഥാപനത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇപ്പോൾ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. ഈ സാമ്പത്തികവർഷം ഒരുകോടി മണ്ഡരി ബാധിച്ച തെങ്ങുകൾക്ക് മരുന്ന് തളിക്കുന്നതിനും 400 ലക്ഷം തെങ്ങുകൾക്ക് വളം വിതരണം നടത്തുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. 3-2-2005വരെ 28,30,771 തെങ്ങുകൾക്ക് മരുന്ന് തളിച്ചുകഴിഞ്ഞിട്ടുണ്ട്.

(ബി) കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനേയും കേരള സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷനേയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) മരുന്ന് തളി പൂർത്തീകരണത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മറ്റൊരു ഏജൻസിയെക്കൂടെ ചുമതലപ്പെടുത്തുന്ന കാര്യം പരിഗണനയിലില്ല.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

തെങ്ങുകൾക്ക് മരുന്നുതളിക്കാൻ നടപടി

95 [1172] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യാപകമായി തെങ്ങുകൾക്ക് രോഗം ബാധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കൃഷിവകുപ്പിൽനിന്നും സ്വീകരിച്ചിട്ടുള്ള പ്രതിരോധ നടപടികൾ എന്തൊക്കെയാണ് ;

(സി) ഈ പ്രതിരോധ പ്രവർത്തനങ്ങളെ സംബന്ധിച്ച് തെങ്ങ് കർഷകരെ അറിയിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ഡി) സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലുമുള്ള വീടുകളിലും തോട്ടങ്ങളിലുമായുള്ള തെങ്ങുകൾക്ക് രോഗപ്രതിരോധ മരുന്ന് തളിക്കുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മണ്ഡരി കീടാക്രമണം തടയുന്നതിന് വേപ്പ് അടിസ്ഥാന ജൈവകീടനാശിനിയായ അസാഡിറാക്റ്റിൻ മണ്ഡരി ബാധിച്ച തെങ്ങിന്റെ മണ്ടയിലും പരാഗണം നടന്നുകഴിഞ്ഞ മച്ചിങ്ങയിലും തളിക്കാൻ ശുപാർശ ചെയ്യുന്നു. കാറ്റ് വീഴ്ച ബാധിച്ച തെങ്ങുകൾ വെട്ടി മാറ്റി പകരം തൈകൾ നടുന്നതിന് സഹായം നൽകി വരുന്നു.

(സി) മാദ്ധ്യമങ്ങൾ മുഖേനയും ഫീൽഡ് ഉദ്യോഗസ്ഥർ മുഖേനയും പ്രതിരോധ പ്രവർത്തനങ്ങൾ കർഷകരെ അറിയിക്കുന്നു. കൂടാതെ കർഷകർക്ക് ബോധവൽക്കരണ സെമിനാറുകളും പരിശീലന ക്ലാസ്സുകളും നടത്തി വരുന്നു.

(ഡി) മരുന്നുതളിക്കായി കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനേയും കേരള സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷനേയും ചുമതലപ്പെടുത്തിയിരിക്കുന്നു. കൃഷിഭവനുമായി ബന്ധപ്പെടുന്ന കർഷകർക്ക് മരുന്നുതളിയുടെ പ്രയോജനം ലഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly